ചെല്ലാനം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും കേസുകൾക്കായി ചെലവഴിച്ച തുക ഈടാക്കാൻ നടപടി

115 (513) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എൽ.7 വി. 8633 എന്ന രജിസ്ട്രേഷൻ നമ്പരുള്ള ഒരു ജീപ്പ് ചെല്ലാനം ഗ്രാമപഞ്ചായത്തിനുണ്ടോ ;

(ബി) പ്രസ്തുത ജീപ്പ് എം. എ. ജോസഫ്, മാമൂട്ടിൽ വീട്, സൗത്ത് ചെല്ലാനം പി. ഒ. എന്ന മേൽവിലാസക്കാരന്റെ മകൻ ജെഫിൻ ജോസഫ് എന്നയാളിന്റെ മേൽ ഇടിക്കുകയും അതിന്റെ ഫലമായി പ്രസ്തുതയാൾ മരിക്കുകയും ചെയ്തിട്ടുണ്ടോ ;

(സി) ജെഫിൻ ജോസഫിന്റെ അപകടമരണത്തിനിടയാക്കിയ ആക്സിഡന്റ് സമയത്ത് പ്രസ്തുത ജീപ്പ് ഓടിച്ചിരുന്നയാൾ ആരാണ് ;

(ഡി) അയാൾക്ക് ആ സമയത്ത് സാധുവായതോ അല്ലാത്തതോ ആയ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരുന്നുവോ ;

(ഇ) പ്രസ്തുത ആക്സിഡന്റ് സമയത്ത് പ്രസ്തുത ജീപ്പ് ഓടിച്ചിരുന്ന ആളിന്റെ മേൽ സംസ്ഥാന ഹൈക്കോടതിയിലും എറണാകുളം ജില്ലാ കോടതിയിലും കൊച്ചി ഒന്നാം നമ്പർ മജിസ്ട്രേറ്റ് കോടതിയിലും ഏതെല്ലാം കേസുകൾ നടന്നുവരുന്നുണ്ട് എന്ന് അറിയിക്കുമോ ; എങ്കിൽ വ്യക്തമാക്കുമോ ;

(എഫ്) ഈ കേസുക്കളെല്ലാം പ്രസ്തുതയാളിനെതിരെ ഔദ്യോഗികമായാണോ, വ്യക്തിപരമായാണോ ഫയൽ ചെയ്തിട്ടുള്ളത് ;

(ജി) ഡ്രൈവിംഗ് ലൈസൻസില്ലാതെ വണ്ടിയോടിച്ചു എന്ന നിയമാനുസൃതമല്ലാത്ത നടപടിയുടെ പേരിൽ ഉണ്ടായിട്ടുള്ള 'കേസുകൾ ഒദ്യോഗിക നടപടിയുടെ ഭാഗമായുണ്ടായ കേസ്സുകളായി കരുതപ്പെടുന്നത് എങ്ങനെയെന്ന് വിശദീകരിക്കുമോ ;

(എച്ച്) വ്യക്തിപരമായുള്ള പ്രസ്തുത കേസുകൾക്കും ഈ കേസുകൾക്കും വേണ്ടി കോടതിയിൽ പോകുവാനും വക്കീലിനെ കാണുവാനും വക്കീൽ ഫീസിനത്തിലും ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും ഇതുവരെ എന്തു തുക ചെലവായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഐ) ഈ കേസിനോടനുബന്ധിച്ച യാത്രകൾക്ക് ഗ്രാമ പഞ്ചായത്തിന്റെ വക ജീപ്പ് ഉപയോഗിച്ചതിന് എന്തു ചെലവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ജെ) പ്രസ്തുത കേസുകൾക്കായി ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിൽ നിന്ന് ചെലഴിച്ച തുക ഇയാളിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ശ്രീ. എ. എക്സ്. മാത്യു, അറയ്ക്കൽ വീട്ടിൽ, ചെല്ലാനം.

(ഡി) ഉണ്ടായിരുന്നു.

(ഇ) ഹൈക്കോടതിയിൽ ഉണ്ടായിരുന്ന ഒ.പി.നം.23510/2000-ലെ വിധിക്കെതിരെ ശ്രീ. എം. എ. ജോസഫ് ഫയൽ ചെയ്ത 1862/2000-ാം നമ്പർ റിവ്യൂ പെറ്റീഷനും കൊച്ചി ജുഡീഷ്യൽ കോടതിയിൽ എസ്.റ്റി.462/99 നമ്പരായി ഫയൽ ചെയ്തിരുന്ന കേസ് തള്ളിയതിനെതിരായി ശ്രീ. എം. എ. ജോസഫ് ഫയൽ ചെയ്ത 44/2000 നമ്പർ പെറ്റീഷൻ എറണാകുളം ജില്ലാ കോടതിയിലും നിലിവിലുണ്ട്.

(എഫ്) വ്യക്തിപരമായിട്ടാണ് ഫയൽചെയ്തിട്ടുള്ളത്.

(ജി) വണ്ടി ഓടിച്ചിരുന്ന ഡ്രൈവർക്ക് ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരുന്നു. പുതുക്കാൻ കൊടുത്ത രേഖ കാണിച്ചിട്ടുണ്ട്. വ്യക്തിപരമായാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(എച്ച്) നാളിതുവരെ തുകയൊന്നും ചെലവാക്കിയിട്ടില്ല.

(ഐ) തുക ഒന്നും ചെലവ് വന്നിട്ടില്ല.

(ജെ) ചോദ്യം ഉദിക്കുന്നില്ല.

ഇന്ദിരയുടെ പരാതി

116 (514) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ പിറവത്തൂർ ഗ്രാമപഞ്ചായത്തിലെ യു.ഡി. ക്ലാർക്ക് എൻ. ഇന്ദിരാ, തന്റെ സീനിയോറിറ്റി മറികടന്ന് ജൂനിയർമാരെ പ്രൊമോട്ട് ചെയ്തതു സംബന്ധിച്ച് സർക്കാരിൽ പരാതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) ഇത് സംബന്ധിച്ച വിശദവിവരങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly